LIBRARY ARCHIVES Kerala Legislative Assembly

ചമ്പന്നൂർ ഇൻഡസ്ട്രിയൽ റോഡിന്റെ പുനരുദ്ധാരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

213 (4204) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വർഷങ്ങളായി ഗതാഗത യോഗ്യമല്ലാതായി കിടക്കുന്ന ചമ്പന്നൂർ ഇൻഡസ്ട്രിയൽ റോഡിന്റെ പുനരുദ്ധാരണത്തിനായി തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപ്ടികൾ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ചമ്പന്നൂർ ഇൻഡസ്ട്രിയൽ റോഡ് നവീകരണത്തിനായി 8,37,000 (എട്ട് ലക്ഷത്തി മുപ്പത്തിയേഴായിരം രൂപ) രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മേൽ തുക ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്

214 (4205) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലും വ്യവസായ വകുപ്പിലും ഇതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പൊതു മേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നറിയാൻ സർക്കാർ തലത്തിൽ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അറിയുന്നതിനായി കണക്കുകൾ യഥാസമയം പൂർത്തിയാക്കി ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി തീർക്കുന്നതിന്റെ ഭാഗമായി ആഡിറ്റ് കടിശ്ശികയുള്ള കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

(സി&ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇന്റേണൽ ആഡിറ്റിംഗ് ശക്തമാക്കി. ഇതിനായി ആഡിറ്റേഴ്സിന്റെ ഒരു പാനൽ തയ്യാറാക്കി ഇതിൽനിന്നും ആഡിറ്ററെ നിയമിക്കാനുള്ള നിർദ്ദേശം എല്ലാ കമ്പനികൾക്കും നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ധനകാര്യ വിഭാഗത്തിൽ ആ മേഖലയിൽ വൈദഗ്ധ്യമുള്ളവരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ബോർഡ് തലത്തിൽ ആഡിറ്റ് കമ്മിറ്റി രൂപീകരിച്ച് കൃത്യമായ നിരീക്ഷണ വിലയിരുത്തൽ നടത്തിവരുന്നു. സ്ഥാപനങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ പുരോഗതി RIAB -മുഖേന അവലോകനം ചെയ്യുവരുന്നുണ്ട്. RIAB-ന്റെ ബോർഡ് അംഗങ്ങൾ നടത്തുന്ന കമ്പനികളുടെ പ്രത്യേക അവലോകനത്തിൽ ഇന്റേണൽ ആഡിറ്റ് റിപ്പോർട്ടുകളുടെ വിശകലനവും നടത്തിവരുന്നു. സർക്കാർ തലത്തിലും ആഡിറ്റുകളുടെ പൂർത്തീകരണം സംബന്ധിച്ച പ്രത്യേക അവലോകനംനടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് റിപ്പോർട്ടിന്റെ വിശദമായ അവലോകനവും നടത്തിവരുന്നു. ഇതുകൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽനിന്നുള്ള ആഡിറ്റ് സംവിധാനവും നിലവിലുണ്ട്.

മംഗലാപുരം-കോയമ്പത്തൂർ പൈപ്പ് ലൈൻ നിർമ്മാണം

215 (T* 4206) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എൻ.ജി. ടെർമിനലിൽനിന്നും മംഗലാപുരം-കോയമ്പത്തൂർ എന്നീ കേന്ദ്രങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പൈപ്പ് ലൈൻ സ്ഥാപിക്കാൻ വൈകുന്നതുമൂലം, ഗെയിൽ എന്ന പൊതുമേഖലാ സ്ഥാപനം കേരളം വിടുമെന്ന് പറഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.